20
മേയ് 2015
ബുധൻ
1190 ഇടവം 6

# മലയാള മനോരമ

ESTABLISHED 1888

തിരുവനന്തപുരം
24 പേജ്
₹ 6.00

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com



# തന്റെ തീൻമേശയിലെത്തുന്നതു നെട്ടുകാൽത്തേരി ജയിലിലെ പച്ചക്കറിയെന്നു മന്ത്രി



നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിൽ വിളയിച്ച ജൈവ പച്ചക്കറി വിൽപനയ്ക്ക് വച്ചപ്പോൾ. ജയിൽ മേധാവി ടി.പി. സെൻകുമാർ, സൂപ്രണ്ട് എ.ജി. സുരേഷ് എന്നിവർ സമീപം.

കാട്ടാക്കട● ജൈവ വളമുപയോഗിച്ചു മാത്രം കൃഷിചെയ്തെടുക്കുന്ന നെട്ടുകാൽത്തേരി തുറന്ന ജയിലിലെ നാടൻ പച്ചക്കറിയാണ് എന്റെ വീട്ടിലെ തീൻശേയിലുമെത്തുന്നതെന്നു മന്ത്രി രമേശ് ചെന്നിത്തല. തന്റെ വകുപ്പിനു കീഴിലുള്ള ജയിൽവളപ്പിൽ തന്നെ കൃഷിചെയ്യുമ്പോൾ രാസവളഭീഷണി മന്ത്രിക്കു തെല്ലുമില്ലത്രെ. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ഓർഗാനിക് വെജിറ്റബിൾ ഫാമും ,വിത്തുതേങ്ങ ഉൽപാദന തോട്ടത്തിന്റെയുമൊക്കെ ഉദ്ഘാടനം നിർവഹിക്കവെയാണു നെട്ടുകാൽത്തേരി ജയിലിലെ പച്ചക്കറിയുടെ ഗുണമേന്മയെക്കുറിച്ചു മന്ത്രി വാചാലനായത്. എന്റെ വീട്ടിലും ജയിൽ പച്ചക്കറിയെത്തുന്നുവെന്നു പറഞ്ഞ മന്ത്രി, ഒരു കാര്യം പ്രത്യേകം ഓർമിപ്പിച്ചു- പണം നൽകിയാണത്രെ പച്ചക്കറി വാങ്ങുന്നത്. മാധ്യമ പ്രവർത്തകരുൾപ്പെടെ ആർക്കും തെറ്റിദ്ധാരണ വേണ്ട, വില എത്രയാണോ, അത്രയും പണം നൽകുന്നുണ്ടെന്നു മന്ത്രി പ്രത്യേകം ഓർമിപ്പിച്ചു. ജയിൽ പച്ചക്കറിയുടെ ഗുണമേന്മയിൽ വാചാലനായ മന്ത്രി നെട്ടുകാൽത്തേരിയിലെ കാർഷിക മാതൃക ചീമേനിയിലും നടപ്പാക്കുമെന്നു പറഞ്ഞു.

തെങ്ങുകളിൽ പരാഗണം നടത്തുന്നതിനുള്ള പരിശീലനം അന്തേവാസികൾക്കു നൽകി,ഗുണമേന്മയുള്ള സങ്കരവിത്ത് ഉൽപാദിപ്പിച്ചു ജയിൽവകുപ്പ് നേരിട്ടോ കൃഷിഭവനുകൾ വഴിയോ കർഷകർക്കു വിതരണം ചെയ്തു സ്വകാര്യ മേഖലയുടെ ചൂഷണം അവസാനിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണു വിത്തുതേങ്ങ ഉൽപാദനത്തോട്ടം.

ജയിൽവളപ്പിലെ നാൽപ്പത് ഏക്കറിലാണു തോട്ടം തയാറാക്കുക. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനവും,ജയിൽ വകുപ്പും ചേർന്നാണു പദ്ധതി നടപ്പാക്കുന്നത്. 5,77,800 രൂപ ചെലവിട്ടു നാനൂറ് സ്ക്വയർമീറ്ററിൽ പോളി ഹൗസ് നിർമിച്ചു സ്ഥാപിച്ച ഓർഗാനിക് ഫാം ഹൗസ് ജൈവ പച്ചക്കറി ഉൽപാദനം ലക്ഷ്യമിട്ടുകൊണ്ടാണ്. ജില്ലാ പഞ്ചായത്തുമായി ചേർന്നു ഹൈടെക് ഡെയറി ഫാം സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാനുള്ള നിർദേശവും മന്ത്രി ജയിൽ ഉദ്യോഗസ്ഥർക്കു നൽകി.

ജയിൽ മേധാവി ടി.പി. സെൻകുമാറിന്റെ പ്രത്യേക താൽപര്യവും ജയിൽവളപ്പുകളിൽ മഴക്കൊയ്ത്തുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചതും, നെട്ടുകാൽത്തേരിയിൽ പുതിയ കാർഷിക വിപ്ളവത്തിനു കളമൊരുക്കി. നാലു ടീമായി തിരിഞ്ഞ് ഉദ്യോഗസ്ഥരും അന്തേവാസികളും മൽസരബുദ്ധിയോടെ നടത്തുന്ന കൃഷിയും ജയിൽ മേധാവിയുടെയും സൂപ്രണ്ട് എ.ജി. സുരേഷിന്റെയും ആസൂത്രണമികവാണ്. ജയിൽ മേധാവിയുടെ പ്രത്യേക താൽപര്യമാണു നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൃഷിസ്ഥലത്തിന്റെ വിസ്തീർണം കൂട്ടിയതെന്നതു ജയിൽ ജീവനക്കാരും ഓർമിപ്പിക്കുന്നു.

വിഷമില്ലാത്ത നല്ല പച്ചക്കറി കൂടുതൽ ഉൽപാദിപ്പിക്കുകയാണ് ഇപ്പോഴത്തെ ലക്ഷ്യം. ജയിൽ ആവശ്യത്തിനെടുത്തശേഷം പൊതുജനങ്ങൾക്ക് ആവശ്യാനുസരണം നൽകാൻ ജയിൽവളപ്പിൽ പ്രത്യേക കൗണ്ടറുമുണ്ട്. പക്ഷേ,ആവശ്യക്കാരെ എല്ലാം തൃപ്തിപ്പെടുത്താനാവില്ലെന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഇതിനു പരിഹാരമായി കൂടുതൽ സ്ഥലത്തു കൃഷിയിറക്കാനാണു ജയിൽ വകുപ്പ് ലക്ഷ്യമിടുന്നത്.